**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5694** **24-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ലഹരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ലഹരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ലഹരി നിർമാർജ്ജനവുമായി ബന്ധപ്പെട്ട് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. 2025 ജനുവരി മുതൽ 2025 മാർച്ച് 18 വരെ 75 അബ്കാരി കേസുകളും, 34 NDPS കേസുകളും ടി മണ്ഡലപരിധിയിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്വരക്ഷ ക്ലബ്ബുമായി ബന്ധപ്പെട്ട് ലഹരി നിർമ്മാർജ്ജനത്തിനും കുട്ടികളുടെ സുരക്ഷയ്ക്കുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന ആന്റി നാർകോട്ടിക് ക്ലബ്ബുകളുമായി ബന്ധപ്പെട്ട് ലഹരി വിരുദ്ധ ബോധവത്കരണത്തിലൂന്നിയ വിവിധ പരിപാടികൾ കുട്ടികൾക്കായി നടത്തി വരുന്നു. കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂളുകളുടെ പരിസരങ്ങളിൽ എൻഫോഴ്സ്മെന്റ് നടപടികളും നിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ